(ബി) നോർമൽ വെതർപ്രൂഫ് കണക്ഷനുകൾ 31-12-2004 വരെയും നോർമൽ ഒ. എച്ച്. കണക്ഷനുകൾ 31-12-2003 വരെയും ഒ. റ്റി. പി. വിഭാഗത്തിൽ ഉള്ള വികസനാംഗർക്ക് 31-12-2004 വരെയും രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കാണ് ഇപ്പോൾ കണക്ഷൻ നൽകാൻ വകുപ്പിട്ടിരിക്കുന്നത്. മറ്റ് ഒ. റ്റി. പി. വിഭാഗത്തിലുള്ളവർക്ക് ടാർജറ്റ് കൂടാതെ കണക്ഷൻ നൽകുന്നുണ്ട്. കൂടാതെ ഒ. വൈ. ഇ. സി. പദ്ധതി പ്രകാരം പണമടച്ചവർക്ക് മുൻഗണനാക്രമത്തിൽ ഉടനടി കണക്ഷൻ നൽകിവരുന്നു.

(സി) സാധന സാമഗ്രികളുടെ അപര്യാപ്തതമൂലം 166068 കണക്ഷനുകൾ നൽകുവാനുണ്ട്. ഇതിൽ 100186 കണക്ഷനുകൾ പോസ്റ്റുകളുടെ കുറവു കാരണം നൽകുവാൻ ബാക്കിയുള്ളതാണ്.

വൈദ്യുതി സഞ്ചിതശേഷിയുടെ നിലവാരം

6 [1903] ശ്രീ. സാജു പോൾ:
,, ടി. പി. രാമകൃഷ്ണൻ:
,, വി. ചെന്താമരാക്ഷൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ എൽ. ഡി. എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ എല്ലാ നിലയിലുമുള്ള വൈദ്യുതി പദ്ധതികളുടെ മൊത്തം സഞ്ചിത ശേഷി എത്രയായിരുന്നു;

(ബി) എൽ. ഡി. എഫ്. സർക്കാർ അധികാരം ഒഴിയുമ്പോൾ സഞ്ചിതശേഷി മൊത്തം എത്ര മെഗാവാട്ട് ആയി വർദ്ധിച്ചു;

(സി) ആന്റണി സർക്കാർ ഒഴിയുമ്പോൾ സഞ്ചിതശേഷി എത്രയായി വർദ്ധിച്ചു; ഇപ്പോൾ സഞ്ചിതശേഷി എത്രയാണ്?

ഉത്തരം

(എ) 1996-ൽ മുൻ എൽ. ഡി. എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ വൈദ്യുതപദ്ധതികളുടെ സഞ്ചിതശേഷി 1505.50 മെഗാവാട്ട് ആയിരുന്നു.

(ബി) 2001-ൽ എൽ. ഡി. എഫ്. സർക്കാർ അധികാരം ഒഴിയുമ്പോൾ കേന്ദ്ര ഉടമസ്ഥതയിലുള്ള കായംകുളം എൻ. ടി. പി. സി. യുടെ 359.58 മെഗാവാട്ടും സ്വകാര്യമേഖലയിലുള്ള കാസർകോഡ് പവർകോർപ്പറേഷനിൽനിന്നുള്ള 20.04 മെഗാവാട്ടും കോഴിക്കോട് ഡീസൽ പവർ പ്രോജക്ടിൽ നിന്നുള്ള 128 മെഗാവാട്ടും തെർമൽ എനർജി ഉൾപ്പെടെ സഞ്ചിതശേഷി മൊത്തം 2420.68 മെഗാവാട്ട് ആയി വർദ്ധിച്ചു.

(സി) 31-8-2004-ൽ ആന്റണി സർക്കാർ ഒഴിയുമ്പോൾ സ്വകാര്യ മേഖലയിലെ കുത്തുങ്കൽ 21 മെഗാവാട്ട്, ബി. എസ്. ഇ. എസ്. 157 മെഗാവാട്ട് എന്നിവ ഉൾപ്പെടെ സഞ്ചിതശേഷി 2614.22 മെഗാവാട്ട് ആയി വർദ്ധിച്ചു (31-8-2004). ഇപ്പോഴത്തെ സഞ്ചിത ശേഷി 2614.22 മെഗാവാട്ട് ആണ് (1-2-2005).

LIBRARY ARCHIVES Kerala Legislative Assembly